TB Weekly Movie Review

**#moviepanel**

വിക്രം(2022)

OTT Release : Disney+Hotstar, July 8

എഴുതിയത് : Arjun Anand

തമിഴ്നാട്ടിൽ ജോലി ചെയ്തിരുന്ന സമയത്ത് നാട്ടുമ്പുറത്ത് താസിച്ചിരുന്ന വീടിന്റെ തൊട്ടടുത്ത് തീയേറ്റർ ഉണ്ടായിരുന്നതിനാൽ ഇറങ്ങുന്ന തമിഴ് സിനിമകൾ എല്ലാം തന്നെ കാണാറുണ്ടായിരുന്നു... അങ്ങനെ ഒരു പ്രതീക്ഷയും ഇല്ലാതെ 2017 മാർച്ചിൽ ഒരു പടം കണ്ട് ഒരുപാട് ഇഷ്ടപ്പെട്ടു ആശ്ചര്യത്തോടെ തീയേറ്ററിൽ നിന്നു ഇറങ്ങി, ആദ്യം തിരഞ്ഞത് അതിന്റെ ഡയറക്ടറെ കുറിച്ചാണ്... അപ്പോഴാണ് അറിയുന്നത് എന്റെ തൊട്ടടുത്ത് തന്നെയുള്ള,കോയമ്പത്തൂർ ജില്ലയിലെ കിനാത്തുകടവ് കാരൻ ആയ, ഒരു പഴയ ബാങ്ക് ഉദ്യോഗസ്ഥൻ ആയിരുന്നു അതിന്റെ സംവിധായകൻ എന്ന്...

സിനിമയുടെ പേര് മാനഗരം... സംവിധായകൻ ലോകേഷ് കനകരാജും... പിന്നീട് രണ്ട് വർഷങ്ങൾക്ക് ശേഷം കൈതി എന്ന ചിത്രം ആദ്യദിനം ആദ്യഷോയ്ക്ക് തന്നെ കയറിയത് ആ ഒരൊറ്റ പേര് കൊണ്ട് തന്നെയാണ്...കഴിഞ്ഞ 10 വർഷങ്ങൾക്കിടയിൽ അക്ഷരാർത്ഥത്തിൽ അടിമുടി രോമാഞ്ചം കൊള്ളിച്ച സിനിമാറ്റിക് അനുഭവം ആയിരുന്നു കൈതി... പിന്നീട് ഇളയ ദളപതി വിജയിയെ നായകനാക്കി ഇറങ്ങിയ മാസ്റ്റർ പ്രതീക്ഷിച്ച നിലവാരത്തിൽ എത്തിയില്ലെങ്കിലും വിജയചിത്രം തന്നെ ആയിരുന്നു... അങ്ങനെ തൊട്ടതെല്ലാം പൊന്നാക്കിയ ലോകേഷ് കാനകരാജിന്റെ ഏറ്റവും പുതിയ ചിത്രം ആണ് ഉലകനായകൻ കമൽഹാസനെയും കൂടെ വിജയ് സേതുപതിയെയും ഫഹദിനെയും എല്ലാം പ്രധാന വേഷങ്ങളിൽ അവതരിപ്പിച്ച വിക്രം...

കൈതി എന്ന ചിത്രം യാതൊരു കണക്കു കൂട്ടലും ഇല്ലാതിരുന്ന പ്രേക്ഷകനെ ആവേശം കൊള്ളിക്കുന്ന വഴിതിരുവുകൾ നിറഞ്ഞ ഉദ്വേഗ ജനകമായ രംഗങ്ങളാൽ സമ്പന്നയായിരുന്നു... വിക്രമിലേക്ക് വരുമ്പോൾ പ്രേക്ഷകർക്ക് തീർച്ചയുണ്ട് കൈതിയിലൂടെ ലോകേഷ് സൃഷ്ടിച്ചെടുത്ത അതേ യൂണിവേഴ്സിൽ ആണ് കഥ പറയുന്നത് എന്ന്..അതുകൊണ്ട് തന്നെ കൈതിയിലേതിനു സമാനം ആയ ഹീറോയിസം നിറഞ്ഞ 'ഓവർ ദി ടോപ് ' ആക്ഷൻ രംഗങ്ങൾ പ്രതീക്ഷിക്കുന്നും ഉണ്ട്... എങ്കിൽ പോലും ആവേശകൊടുമുടിയിൽ എത്തിക്കുന്ന രംഗങ്ങൾ വിക്രമിലും ലോകേഷ് ഒരുക്കിയിട്ടുണ്ട്...

തുടരെ നടക്കുന്ന കൊലപാതകങ്ങളുടെ ചുരുൾ അഴിക്കുവാൻ തമിഴ്നാട് പോലീസ് ഒരു പ്രൈവറ്റ് ഡിറ്റക്റ്റീവ് ആയ അമറിന്റെ സഹായം തേടുകയും തുടർന്ന് അമറിന്റെ കണ്ടെത്തലുകളും ഇടപെടലുകളും അത് അയാളുടെ ജീവിതത്തിൽ കൊണ്ടുവരുന്ന പ്രശ്നങ്ങളും, ഇതൊക്കെയും സന്താനം എന്ന ക്രൂരൻ ആയ ഡ്രഗ് ഡീലറുമായും വിക്രം എന്ന വ്യക്തിയുമായും അടയ്ക്കളമായും ദില്ലിയുമായും ഒക്കെ എങ്ങനെ

ബന്ധപ്പെട്ടിരിക്കുന്നു എന്നുള്ളതും ആണ് ചിത്രം പറയുന്നത്...

മലയാളികളുടെ പ്രിയങ്കരനായ ഫഹദ് ഫാസിൽ ആണ് അമർ ആയി എത്തുന്നത്... വരത്തനിലും ഇയോബിലും ഒക്കെ നമ്മൾ കണ്ടതുപോലെ ഊർജ്ജസ്വലവും ചടുലമായ പ്രകടനത്തിലൂടെ അമറിനെ ഫഹദ് വിശ്വസനീയമാക്കിയിട്ടുണ്ട്... തന്റെ കരിയറിലെ മികച്ച കഥാപാത്രങ്ങളിൽ ഒന്നായ വിക്രമിനെ വീണ്ടും, കുറച്ചു കാലങ്ങളായി തന്നിൽ മറഞ്ഞു കിടന്നിരുന്ന തന്റെ തനത് ശൈലിയിൽ പകിട്ടുള്ള പ്രകടനവുമായി അഴിഞ്ഞാട്ടം നടത്തുന്നത് കമൽഹാസ്സൻ ആണ്...അദ്ദേഹത്തിനെ ഇഷ്ടപ്പെടുന്ന പ്രേക്ഷകർ ആഗ്രഹിച്ചിരുന്ന തിരിച്ചുവരവ് തന്നെ ആണ് വിക്രം... താൻ മുൻപ് ചെയ്തിട്ടുള്ള കഥാപാത്രങ്ങളുടെ ചേഷ്ടകളുമായി യാതൊരുവിധ സാമ്യവും ഉണ്ടാവാതിരിക്കാനുള്ള ബോധപൂർവമായ ശ്രമം വിജയ് സേതുപതിയുടെ സന്താനത്തിൽ പ്രകടമാണ്...തന്നെ കൊണ്ട് ആവുന്ന വിധം വ്യത്യസ്തമായും വിശ്വസനീയമായും വിജയ് സേതുപതി ആ കഥാപാത്രത്തെ അവതരിപ്പിച്ചിട്ടുണ്ട്.. കൈതിയിലെ ബിജോയ് നമ്പ്യാർ എന്ന പോലീസ് ഓഫീസറെ അദ്ദേഹത്തിന്റെ മാനറിസങ്ങളിൽ അല്പം പോലും മാറ്റമില്ലാതെ പുനരവതരിപ്പിക്കാൻ നരേന് കഴിഞ്ഞിട്ടുണ്ട്... ചെമ്പൻ വിനോദും തന്റെ കഥാപാത്രം ശ്രദ്ധേയമാക്കിയിട്ടുണ്ട്..മലയാളം കലർന്ന തമിഴ് ഉച്ചാരണത്തെ സാധൂകരിക്കാൻ വേണ്ടി ആയിരിക്കാം ആ കഥാപാത്രത്തെ മലയാളി ആക്കിയത്..ചെറിയ വേഷങ്ങൾ ചെയ്ത നടീനടന്മാർ പോലും തങ്ങളുടെ വേഷം ഭംഗിയാക്കിയിട്ടുണ്ട്... എടുത്തു പറയേണ്ട മറ്റൊരു പ്രകടനം വീട്ടുജോലിക്കാരി ആയെത്തിയ നടിയുടേത് ആണ്... നായകന് അമിത പ്രാധാന്യം നൽകുമ്പോൾ പലപ്പോഴും മറ്റു കഥാപാത്രങ്ങൾ നിഴലായി ഒതുങ്ങി പോകാറുണ്ട്... ഇവിടെ എല്ലാവർക്കും പ്രാധാന്യം ലഭിക്കുന്ന വിധം ശ്രദ്ധയോടെ ആണ് ലോകേഷ് തിരക്കഥ ഒരുക്കിയിരിക്കുന്നത്...

മലയാളി ആയ ഗിരീഷ് ഗംഗാധരൻ ആണ് ഛായാഗ്രഹണം... ലോകേഷിന്റെ മാസ്റ്റർ പീസ് ആയ നൈറ്റ് ഷോട്ടുകളാൽ സമ്പന്നം ആണ് ചിത്രം...ചിത്രത്തിന്റെ സ്വഭാവത്തിന് അനുയോജ്യമായ വിധം,പ്രേക്ഷകനെ ആവേശം കൊള്ളിക്കുന്ന സംഗീതവും പശ്ചാത്തല സംഗീതവും ഒരുക്കിയിരിക്കുന്നത് അനിരുദ്ധ് ആണ്..

ഏകദേശം രണ്ടേമുക്കാൽ മണിക്കൂറിൽ കൂടുതൽ ദൈർഘ്യം ഉണ്ടെങ്കിലും പ്രേക്ഷകനെ തെല്ലും മുഷിപ്പിക്കാതെ ആണ് ലോകേഷ് വിക്രം അണിയിച്ചൊരുക്കിയിരിക്കുന്നത്...ലോകേഷ് സൃഷ്ടിച്ച കൈതി യൂണിവേഴ്സിലേക്ക് കുറച്ചധികം കഥാപാത്രങ്ങളെ കൂടി സംഭാവന ചെയ്താണ് ചിത്രം അവസാനിക്കുന്നത്... സിനിമയിലുടനീളം പേരുകൊണ്ട് മാത്രം പ്രേക്ഷകന് പരിചിതനായ കഥാപാത്രമായി ക്ലൈമാക്സിൽ സൂര്യയും കൂടെ എത്തുന്നതോടെ പ്രേക്ഷകന് ആവേശകൊടുമുടിയിൽ എത്തുന്നുണ്ട്... വരാനിരിക്കുന്ന കൈതി 2 നു വേണ്ടിയുള്ള കാത്തിരിപ്പിനു അത് ശക്തി പകരുകയും ചെയ്യുന്നുണ്ട്...

കാത്തിരിക്കാം.... ദില്ലിയുടെ രണ്ടാം വരവിനായും അയാളെ കാത്തിരിക്കുന്ന ആശ്ചര്യങ്ങൾക്കായും....